"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ലീഡ്സ് പദ്ധതി - നിലവിലെ കരാർ ജീവനക്കാരുടെ സേവനകാലാവധി 2023-24 സാമ്പത്തിക വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.930/2023/AGRI തീയതി, തിരുവനന്തപുരം, 23-09-2023

പരാമർശം:-

1. 06.08.2010-ലെ സ.ഉ(കൈ)നം.198/2010/AD
2. 26.02.2016-ലെ സ.ഉ(പി)നം.28/2016/ധന
3. 28.04.2017-ലെ സ.ഉ(പി)നം.56/2017/ധന
4. 21.07.2018-ലെ സ.ഉ(പി)നം.112/2018/ധന
5. 09.07.2019-ലെ സ.ഉ(പി)നം.91/2019/ധന
6. 11.02.2021-ലെ സ.ഉ(പി)നം.29/2021/ധന
7. 02.12.2021-ലെ സ.ഉ(സാധാ)നം.974/2021/കൃഷി
8. 27.08.2022-ലെ സ.ഉ(സാധാ)നം.772/2022/കൃഷി
9. കൃഷി ഡയറക്ടറുടെ 15.03.2023,26/7/2023 തീയതികളിലെ ADFW/3944/2022-ATMA കത്തുകൾ.

**<u>ഉത്തരവ്</u>**

കൃഷി വകുപ്പിനു കീഴിൽ പഞ്ചായത്തുകളിലെ മാതൃക കർഷകരെ കേന്ദ്രീകരിച്ച് കാർഷിക വിജ്ഞാപന വ്യാപനം സാധ്യമാക്കുന്ന **ലീഡ്സ് പദ്ധതിയ്ക്ക്** പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയും ആയത് നടപ്പാക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഫീൽഡ് അസിസ്റ്റന്റുമാരുടെയും, ടെക്നിക്കൽ മാനേജർമാരുടെയും, ഡേറ്റാ എൻട്രി ഓപ്പറേറ്ററുടെയും സേവനകാലാവധി പരാമർശം (8) പ്രകാരം 2023 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തു.

2. ഫീൽഡ്തലത്തിൽ വിദഗ്ധ സേവനം നൽകുന്ന 99 ഫീൽഡ് അസ്സിസ്റ്റന്റുമാരുടെയും ജില്ലാ തലത്തിൽ അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്ന 4 ടെക്നോളജി മാനേജരുടെയും ഡയക്ടറേറ്റ് തലത്തിൽ എല്ലാ പ്രവർത്തനങ്ങളും ക്രോഡീകരിക്കുകയും സർക്കാരിലേക്കുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്ന ഒരു ഡാറ്റ എൻട്രി ഓപ്പറേറ്ററുടെയും സേവനം 2023-24 സാമ്പത്തിക വർഷവും ദീർഘിപ്പിച്ചു നൽകണമെന്ന് കൃഷി ഡയറക്ടർ പരാർശം (9) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഡ്സ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ ജോലി ചെയ്തു വരുന്ന 99 ഫീൽഡ് അസ്സിസ്റ്റന്റുമാരുടെയും 4

ടെക്നോളജി മാനേജർമാരുടെയും ഒരു ഡാറ്റ എൻട്രി ഓപ്പറേറ്ററുടെയും സേവനകാലാവധി 2024 **മാർച്ച് 31 വരെ** ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ് I/ ആഡിറ്റ് II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം,

ധനകാര്യ വകുപ്പ് (2410008/Agri-A2/67/2023-Fin തീയതി 19.09.2023 മുഖേന)

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്&ന്യൂ മീഡിയ).

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ